**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 379** **23-08-2022 - ൽ മറുപടിയ്ക്ക്**

**വേസ്റ്റ് ടു എനർജി പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ ബ്രഹ്മപുരത്തു സ്ഥാപിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റ് പൂർത്തീകരിക്കുമ്പോൾ ഒരു ടൺ മാലിന്യം സംസ്കരിക്കുന്നതിന് എത്ര രൂപ ചെലവ് വരും; വിശദമാക്കാമോ; | (എ) | ബ്രഹ്മപുരത്തു സ്ഥാപിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ ചുറ്റുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ ആയിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത ക്ലസ്റ്ററിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ തോതും സ്വഭാവവും സംബന്ധിച്ച് വിശദമായ DPR ലഭ്യമായി കഴിഞ്ഞാൽ മാത്രമേ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകളുടെ കൃത്യമായ വിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) | സംസ്കരണത്തിനു ശേഷം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ അനുവദിക്കും; വ്യക്തമാക്കാമോ; | (ബി) | വേസ്റ്റ് ടു എനർജി പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപയാണ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അനുവദിക്കുക എന്നത് തീരുമാനിച്ചിട്ടില്ല. |
| (സി) | അപ്രകാരം ലഭിക്കുകയാണെങ്കിൽ നഗരസഭ, കമ്പനിക്ക് കൊടുക്കേണ്ട ടിപ്പിങ് ഫീസ് ഇനത്തിൽ കുറവ് വരുത്തുമോ; വിശദമാക്കാമോ? | (സി) | DBFOT മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ പൂർണ്ണമായ മുതൽ മുടക്ക് തിരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ പങ്കാളിയുടെ ചുമതലയാണ്. പദ്ധതിയുടെ നിർമ്മാണത്തിനും 25 വർഷ കാലയളവിലെ നടത്തിപ്പിനും കമ്പനിക്കുണ്ടാകുന്ന മുഴുവൻ ചിലവുകളുടെയും, ടിപ്പിങ് ഫീസിലൂടെയും, പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിൽപനയുടെയും, ഇതര മാർഗ്ഗങ്ങളിലൂടെയും കമ്പനിക്കു ലഭ്യമാകുന്ന പ്രതീക്ഷിത വരുമാനത്തിന്റെയും കൃത്യവും വിശദവുമായ അവലോകനത്തിന് ശേഷമാണ്, കമ്പനി പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ നൽകേണ്ട ടിപ്പിങ് ഫീസ്, ടെൻഡറിലൂടെ സമർപ്പിക്കുന്നത്. ആയതിനാൽ പ്ലാന്റിൽ ഉൽപ്പാദിക്കപ്പെടുന്ന വൈദ്യുതിയുടെ വിൽപ്പനനിരക്കിന് ആനുപാതികമായി കമ്പനിക്ക് നൽകേണ്ട ടിപ്പിങ് ഫീസിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ